(ബി) എയ്ഡഡ് സ്ഥാപനങ്ങളിൽ സംവരണമില്ലാത്തതാണ് പട്ടിക വിഭാഗക്കാരുടെ പ്രാതിനിധ്യം കുറയാൻ കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ സർക്കാർ സ്കൂളുകളിൽ എൽ.പി., യു.പി., എച്ച്.എസ്. വിഭാഗങ്ങളിൽ നിയമനം കിട്ടുന്ന അദ്ധ്യാപകരുടെ ഹെഡ്മാസ്റ്റർ പ്രൊമോഷനിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മേൽ സൂചിപ്പിച്ച കാരണങ്ങളാൽ സീനിയോറിറ്റിയുടെ കാര്യത്തിലെങ്കിലും ഇളവ് അനുവദിക്കുമോ ; അതിനുവേണ്ടി ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ സ്കൂളുകളുടെ എണ്ണം

75 (5148) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ ഒരു ഹൈസ്കൂൾ പോലും ഇല്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകൾ ഉണ്ട് ;

(ബി) കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിലെ കുമ്പടാജ ഗ്രാമപഞ്ചായത്തിൽ എത്ര ഹൈസ്കൂളുകളാണുള്ളത് ; ഇവിടെയുള്ള എൽ.പി., യു.പി. സ്കൂളുകളുടെ എണ്ണം സർക്കാർ, എയ്ഡഡ് വേർതിരിച്ച് വ്യക്തമാക്കാമോ ;

(സി) കുമ്പടാജ ഗ്രാമപഞ്ചായത്തിൽ മലയാളം മീഡിയം ഹൈസ്കൂൾ ഇല്ലെങ്കിൽ പ്രസ്തുത ന്യൂനത പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;

(ഡി) എയ്ഡഡ്, സർക്കാർ തലത്തിലുള്ള ഈ പഞ്ചായത്തിലെ ഏതെങ്കിലും എൽ.പി., യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ ആലോചനയുണ്ടോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിൽ അദ്ധ്യാപകരുടെ ഒഴിവുകൾ

76 (5149) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ വിവിധ സർക്കാർ സ്കൂളുകളിൽ നിലവിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അദ്ധ്യാപകരുടെ ഒഴിവുകൾ ദിവസവേതനാടിസ്ഥാനത്തിൽ നികത്തുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) സർപ്ലസ് അദ്ധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട് ദിവസവേത നാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ തടസ്സം നിൽക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പഠനം തടസ്സപ്പെടാത്ത തരത്തിൽ അദ്ധ്യാപക തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

സ്പെഷ്യൽ സ്കൂളുകളുടെ അംഗീകാരം

77 (5150) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്പെഷ്യൽ സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ; അംഗീകാരം ലഭിച്ചതിനുശേഷം ഇവിടെ ജോലി ചെയ്യുവരുന്ന ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) സ്പെഷ്യൽ സ്കൂളുകൾക്ക് നൽകി വരുന്ന സഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; നിലവിലെ ധനസഹായം എത്ര രൂപയാണ് ;

(സി) സ്പെഷ്യൽ സ്കൂളുകളിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം നിലവിലുണ്ടോ ;വിശദാംശം വെളിപ്പെടുത്താമോ ; നിലവിലുള്ള ജീവനക്കാരെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അഞ്ച് അംഗീകൃത അൺ എയ്ഡഡ് സ്പെഷ്യൽ സ്കൂളുകൾക്കും നാല് എയ്ഡഡ് സ്പെഷ്യൽ സ്കൂളുകളിലെ ഹൈസ്കൂൾ വിഭാഗത്തിനും മൂന്ന് എയ്ഡഡ് സ്പെഷ്യൽ ഹൈസ്കൂളുകളിലെ ഹയർ സെക്കന്ററി വിഭാഗത്തിനും എയ്ഡഡ് പദവി അനുവദിച്ചിട്ടുണ്ട്. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകളിൽ നൂറിലധികം കുട്ടികൾ ഉള്ളവയ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച മാനദണ്ഡങ്ങൾ പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly